**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2575** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിൽ പബ്ബുകളും വൈൻ പാർലറുകളും ആരംഭിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ പബ്ബുകളും വൈൻ പാർലറുകളും തുടങ്ങാനും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | 2022-23 വർഷത്തെ മദ്യനയത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിന് ലൈസൻസ് അനുവദിക്കുന്നതിനും, വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനും, അബ്കാരി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മദ്യം ഇല്ലാതായാൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കും വ്യാജവാറ്റ് പെരുകും മദ്യം ഉപയോഗിച്ചിരുന്നവർക്ക് അത് ഇല്ലാതായാൽ വൻ പ്രത്യാഘാതമുണ്ടാകും എന്നിങ്ങനെയുള്ള മദ്യവ്യാപനത്തിന് ആധാരമായ പ്രചാരണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | മദ്യവ്യാപനത്തിന് ആധാരമായ പ്രചാരണങ്ങളൊന്നും സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്നില്ല. മദ്യാസക്തിയുള്ള ആൾക്കാർ മദ്യത്തിന്റെ ലഭ്യത കുറഞ്ഞാൽ മറ്റു ലഹരി മാർഗ്ഗങ്ങൾ തേടി പോകുന്നതിനുള്ള സാധ്യത വളരെ കൂടുതലാണെന്നാണ് വിദഗ്ധരുടെ അഭിപ്രായം. മദ്യത്തിന്റെ ലഭ്യത കുറവ് മറ്റ് ലഹരി വസ്തുക്കളുടെ വ്യാപനത്തിന് ഒരു കാരണമാണെന്ന് വിവിധ പഠനങ്ങളിൽ വ്യക്തമായിട്ടുണ്ട്. ലഹരിയ്ക്ക് അടിമപ്പെട്ടവർ മദ്യം കിട്ടാത്ത സാഹചര്യത്തിൽ മറ്റ് ലഹരി വസ്തുക്കൾ തേടിപ്പോകുന്ന സാഹചര്യം ഉടലെടുക്കുന്നതായാണ് പഠനങ്ങൾ കാണിക്കുന്നത്. സംസ്ഥാനത്ത് കോവിഡ് കാലത്തെ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കാരണം മദ്യശാലകൾ അടഞ്ഞുകിടന്നപ്പോൾ രജിസ്റ്റർ ചെയ്ത വ്യാജവാറ്റ് കേസുകളുടെ എണ്ണം വളരെ കൂടുതൽ ആയിരുന്നു എന്നുള്ളത് ഇതിനുദാഹരണമാണ്. |
| (സി) | മദ്യം സുലഭമായി ലഭിക്കുമ്പോഴും മയക്കുമരുന്ന് വ്യാപനം വർദ്ധിച്ചുവെന്ന യാഥാർത്ഥ്യം സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടോ; ആയതു നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് മദ്യം സുലഭമായി ലഭിക്കുന്ന സാഹചര്യം ഇല്ല. എക്സൈസ് വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാരണം മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് എടുക്കുന്ന കേസുകളുടെ എണ്ണത്തിൽ |

| | | | |
|---|---|---|---|
| | | | വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗവും, വിതരണവും പൂർണ്ണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളേയും അണിനിരത്തി ലഹരി വിരുദ്ധ ക്യാമ്പയിൻ (No to Drugs) ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ക്യാമ്പയിനിലെ വമ്പിച്ച ജനപങ്കാളിത്തത്തെ തുടർന്ന് രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനം നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കി വരുന്നു. |
| (ഡി) | കേരള ബിവറേജസ് കോർപ്പറേഷൻ പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ വൈൻ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം അടങ്ങിയ Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules 2022, പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ വൈൻ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ലൈസൻസിനായി എക്സൈസ് വകുപ്പിലേയ്ക്ക് അപേക്ഷകൾ ഒന്നും സമർപ്പിച്ചിട്ടില്ല. |
| (ഇ) | സംസ്ഥാനത്ത് ബ്രൂവറി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ; കേരളത്തിൽ കൂടുതൽ ബ്രൂവറികൾ തുടങ്ങിയാൽ മാത്രമെ പബ്ബ് എന്ന ആശയം നടപ്പാക്കാൻ കഴിയുകയുള്ളു എന്നിരിക്കെ ഐ.ടി. മേഖലയിൽ ക്ലബ്ബ് ലൈസൻസ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ഇ) | 1967ലെ ബ്രൂവറി റൂൾസിന് അനുസൃതമായി സംസ്ഥാനത്ത് ബ്രൂവറി ലൈസൻസുകൾ അനുവദിക്കുന്നതിന് തടസ്സം ഇല്ല. എന്നാൽ പബ്ബുകൾ തുടങ്ങുന്നത് സംബന്ധിച്ച് അബ്കാരി നയത്തിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല. ഐ.ടി. പാർക്കുകളിലെ പ്രത്യേകം മാറ്റി വയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യ ലൈസൻസ് അനുവദിക്കുന്നതിനുള്ള ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | ടൂറിസം ലക്ഷ്യം വെച്ച് മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ബാറിൽ നിന്നും മദ്യം വാങ്ങാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; ഇതിലേക്ക് ഹോട്ടൽ വേർതിരിവ് ഏത് രീതിയിൽ ആണെന്ന് അറിയിക്കാമോ; | (എഫ്) | വിനോദസഞ്ചാര മേഖലയ്ക്ക് കൂടി സഹായകരമാകുന്ന വിധത്തിലാണ് സർക്കാർ 2022-23 ലെ മദ്യനയത്തിന് രൂപം നൽകിയിട്ടുള്ളത്. മദ്യം വാങ്ങുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |
| (ജി) | സംസ്ഥാനത്ത് വീര്യമുള്ള മദ്യം ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കേരള ബ്രാൻഡ് മദ്യം കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ജി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡിസ്റ്റിലറികളിൽ വീര്യമുള്ള മദ്യം ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മദ്യം നിലവിൽ മറ്റ സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. എന്നാൽ "കേരള ബ്രാൻഡ്" എന്ന ബ്രാൻഡിൽ കേരളത്തിൽ മദ്യം ഉൽപ്പാദിപ്പിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ